# അക്കാഡമിക മാസ്റ്റർ പ്ലാൻ

## പി.ടി.എം.യു.പി.സ്കൂൾ,
## ചെഞ്ചേരിക്കോണം

ആറ്റിങ്ങൾ ഉപജില്ലാ
ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല
തിരുവനന്തപുരം ജില്ല



# അക്കാദമിക മാസ്റ്റർ പ്ലാൻ



# മാറ്റൊലി





# ഉള്ളടക്കം

1. ആമുഖം
2. വിദ്യാലയ ചരിത്രം
3. നിലവിലുള്ള അവസ്ഥാ വിശകലനം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. സ്കൂൾ പ്രൊഫോർമ
6. പൊതുലക്ഷ്യങ്ങൾ
7. ലക്ഷ്യങ്ങൾ
8. അക്കാഡമിക പ്രവർത്തനങ്ങൾ– മുൻവർഷങ്ങളിൽ
9. അക്കാഡമിക മാസ്റ്റർ പ്ലാൻ–വിശദാംശങ്ങൾ
10. ഉപസംഹാരം

## ആമുഖം

തിരുവനന്തപുരം ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിൽ 1979 കാലഘട്ടത്തിൽ സ്ഥാപിതമായ സ്കൂളാണു പി.റ്റി.എം.യു.പി സ്കൂൾ ചെഞ്ചേരികോണം ശ്രീ എ പീരുക്കണ്ണ് സാഹിബ് അവർകളാണു സ്കൂളിന്റെ സ്ഥാപകൻ . തോട്ടയ്ക്കാട് സന്ദീപനിയിൽ ജി സുരേഷ് ഈ സ്ഥാപനം ഏറ്റെടുക്കുകയും ഇപ്പോൾ നല്ലരീതിയിൽ നടന്നുവരുന്നു . ആരംഭകാലത്തു ഭൗതിക സൗകര്യങ്ങൾ പരിമിതമായിരുന്നെങ്കിലും തുടർ വർഷങ്ങളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി . ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ താല്പര്യത്തോടെ അഭിമാനകരമായ രീതിയിൽ അക്കാദമിക് പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി ഒരു മികച്ച വിദ്യാലയമായി അതിന്റെ വളർച്ച തുടരുന്നു

## വിദ്യാലയ ചരിത്രം

മണമ്പൂർ ഗ്രാമപഞ്ചായത്തിലെ 6 ആം വാർഡിലെ ചെഞ്ചേരിക്കോണം എന്ന പ്രദേശത്തു 1979 -ൽ ശ്രീ ജി സുരേഷ് എന്ന വ്യക്തിയുടെ പേരിൽ ലഭിച്ചതാണ് പി.റ്റി.എം .യു പി സ്കൂൾ , ചെഞ്ചേരിക്കോണം . 5 ,6 ,7 ക്ലാസുകളിലായി പ്രവർത്തനം ആരംഭിച്ചു .

ആദ്യത്തെ പ്രഥമാധ്യാപകനായി തോട്ടയ്ക്കാട് സൽമാ മൻസിലിൽ ശ്രീമതി എ മാജിദ ബിവി . ആദ്യത്തെ വിദ്യാർത്ഥി തോട്ടയ്ക്കാട് ഷൈലാ മൻസിലിൽ എ സബീന ബിവി .

ഇപ്പോഴത്തെ പ്രഥമാധ്യാപക ശ്രീമതി പാർവതി . ജെ ശരത് ഉൾപ്പടെ 4 അധ്യാപകർ എവിടെ സേവനമനുഷ്ഠിക്കുന്നു . നടപ്പ് അധ്യയന വർഷമുള്ള അകെ കുട്ടികൾ 121

സ്കൂളിന്റെ പ്രാരംഭകാലഘട്ടത്തിൽ വളരെ കുറച്ചു കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു . 1980 ആയപ്പോഴേക്കും കുട്ടികളുടെ എണ്ണം കൂടുകയും അഡീഷണൽ ഡിവിഷനുകൾ അനുവദിക്കുകയും ചെയ്തു . ഇതോടൊപ്പം തന്നെ കലാകായിക രംഗത്തു മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിച്ചു

## നിലവിലുള്ള അവസ്ഥ വിശകലനം

ഹെഡ്മിസ്ട്രസ് ഇൻചാർജ് കൂടാതെ നിലവിൽ അപ്പ്രൂവൽ ആയ നാലു അധ്യാപകരും മൂന്നു അൺ അപ്പ്രൂവ്ഡ് അധ്യാപകരും അറബിനും സംസ്കൃതത്തിനും ഓരോ അധ്യാപകരും ഒരു പ്യൂൺ എന്നിങ്ങനെ പത്തു പേർ ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നു വിദ്യാഭ്യാസ കലാകായിക മത്സരങ്ങൾ , സബ് ജില്ലാതല മത്സരങ്ങൾ തുടങ്ങി നാനാ തുറകളിലും വിന്യാസിച്ചു അന്തസത്തോടും അഭിമാനത്തോടും കൂടി ഈ വിദ്യാലയം നിലകൊള്ളുന്നു

ഒരേ ഏക്കർ ഭൂമിയിൽ രണ്ടു കെട്ടിടങ്ങളിലായി പത്തു മുറികൾ ഉണ്ട് . സ്കൂളിന് പ്രേത്യേക കളിസ്ഥലം കൃഷിയിടം സ്കൂൾ ബസ് മുതലായവ സ്വന്തമായി ഉണ്ട്

## വിദ്യാലയം മികവിന്റെ കേന്ദ്രം

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരസ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കാൻ ഉതകുംവിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അവസരമൊരുക്കാൻ കഴിയുക.
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- വിദ്യാലയത്തിന്റെ സമസ്തമേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനും കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.

## സ്കൂൾ പ്രൊഫോർമ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | പി.ടി.എം.യു.പി.സ്കൂൾ,<br>ചെഞ്ചേരിക്കോണം,<br>തോട്ടയ്ക്കാട്.പി.ഒ,<br>പാത്തമ്പാറ-695605 |
| 2. ഫോൺ നമ്പർ | : | 0470-2624563 |
| 3. ഇ-മെയിൽ അഡ്രസ് | : | ptmupsc@gmail.com |
| 4. സ്കൂൾ കോഡ് | : | 42347 |
| 5. ആൺകുട്ടികൾ/പെൺകുട്ടികൾ രണ്ടും കൂടിയത്. | : | രണ്ടും കൂടിയത്. |
| 6. സർക്കാർ/എയ്ഡഡ്/ അൺ എയ്ഡഡ് | : | എയ്ഡഡ് |
| 7. ക്ലാസ് സ്റ്റാൻഡേർഡ് | : | ആരംഭം -5, അവസാനം -7 |
| 8. സ്കൂൾ നടത്തുന്ന വകുപ്പിന്റെ പേര് | : | ജനറൽ, എഡ്യൂക്കേഷൻ |
| 9. വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| 10. വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| 11. റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 12. സ്കൂൾ സ്ഥാപിച്ച വർഷം | : | 1979 |
| 13. അസംബ്ലി നിയോജക മണ്ഡലം | : | ആറ്റിങ്ങൽ |
| 14. പാർലമെന്റ്നിയോജക മണ്ഡലം | : | ആറ്റിങ്ങൽ |
| 15. റൂറൽ/അർബൻ | : | റൂറൽ |
| 16. പഞ്ചായത്ത്/മുനിസിപ്പാലിറ്റി കോർപ്പറേഷൻ | : | മണമ്പൂർ |

## പൊതുലക്ഷ്യം

കേരള സർക്കാർ നടപ്പിലാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിച്ച് അതുവഴി മികവിന്റെ കേന്ദ്രമായി വളർത്തുന്നതിനും വിദ്യാലയത്തിലെ ഓരോ കുട്ടികളുടെയും ധാരണകളും ശേഷികളും നൈപുണികളും മൂല്യങ്ങളും വികസിപ്പിക്കുന്നതും ലക്ഷ്യം വച്ചുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ശിശു കേന്ദ്രീകൃത പഠന പ്രവർത്തനങ്ങളാണ് ക്ലാസ്റൂമിൽ നടക്കേണ്ടത് എന്ന പ്രധാനലക്ഷ്യം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ ലക്ഷ്യങ്ങളും നിർണ്ണയിച്ചിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടികളുടെയും പരമാവധി കഴിവിനനുസരിച്ച് നേടണം.
- എല്ലാ കുട്ടികൾക്കും എല്ലാമേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- കുട്ടികളുടെ സർവ്വോതോന്മുകമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കൽ.
- ഇതെല്ലാം പ്രയോജനപ്പെടുത്താൻ കഴിയുംവിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തേയും മാറ്റിയെടുക്കൽ
- രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
- നാട്ടിലെ എല്ലാവിധ സാധ്യതകളേയും സ്കൂൾ വിദ്യാഭ്യാസ വികസനത്തിനായി ഏകോപിപ്പിക്കൽ.
- അധ്യാപകരുടെ ആത്മവിശ്വാസം വളർത്താനും, മനോഭാവത്തിൽ പരിവർത്തനം ആവശ്യമെങ്കിൽ അതുണ്ടാക്കാനുമുള്ള അക്കാദമിക് സാഹചര്യം സൃഷ്ടിക്കൽ.

* നാട്ടിലെ എല്ലാവിധ സാധ്യതകളെയും സ്കൂൾ വിദ്യാഭ്യാസ വികസനത്തിനായി ഏകോപിപ്പിക്കൽ.

* ഐ.ടി.സി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കൽ.

* പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കൽ.

* കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഈ ഭൗതിക മാനസിക സാംസ്ക്കാരിക സൗകര്യ ങ്ങൾ ഒരുക്കൽ.

* ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, വിദഗ്ധരുടെ ക്ലാസ്സു കൾ, സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്ര ങ്ങൾ പ്രയോജനപ്പെടുത്തൽ.

* കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടു ക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപ പ്പെടുത്തിയെടുക്കൽ.

* വിദ്യാഭ്യാസത്തിന്റെ ജനകീയ വൽക്കരണം അർത്ഥ പൂർണ്ണ മാക്കൽ

## അധ്യാപകർ

ആത്മാർത്ഥതയുള്ള അധ്യാപകരുടെ കൂട്ടായ്മ അക്കാദമിക പ്രവർത്തനങ്ങളും സ്കൂൾ ദൈനംദിനം പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

## ലൈബ്രറി

| | |
|---|---|
| 1. പുസ്തകങ്ങൾ അടുക്കും ചിട്ടയുമായി തരം തിരിച്ച് അലമാരയിൽ സൂക്ഷിക്കുന്നു. | പുസ്തകങ്ങൾ തെരെ ഞ്ഞെടുത്ത് അഭിരുചിക്ക് അനുസരിച്ച് വായിക്കാൻ അവസരം. |
| 2. പ്രതിമാസ പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. | പാഠഭാഗവുമായി ബന്ധ പ്പെട്ട് അധികവായനയ്ക്ക് അവസരം ഉണ്ടാകുന്നു. |
| 3. അമ്മവായന | അമ്മമാർക്ക് അധിക വായനയ്ക്ക് അവസര മുണ്ടാകുന്നു. |
| 4. വായനയെ അടിസ്ഥാനമാക്കിയുള്ള മത്സരങ്ങൾ | വായന, എഴുത്ത് എന്നീ ശേഷികൾ കൂട്ടാൻ സഹായി ക്കുകയും വിവിധ വായന , എഴുത്ത് മത്സരങ്ങളിൽ സമ്മാനം നേടാൻ കഴിയുന്നു. |

# സ്കൂളിലെ മൊത്തം കുട്ടികൾ

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 5 A | 10 | 16 | 26 |
| 5 B | 07 | 01 | 08 |
| 6 A | 21 | 07 | 28 |
| 6 B | 12 | 07 | 19 |
| 7A | 15 | 10 | 25 |
| 7 B | 07 | 08 | 15 |
| | | Total | 121 |

## പ്രവേശനോത്സവം

പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി സ്കൂൾ പ്രവേശനോത്സവം വളരെ ഭംഗിയായി സംഘടിപ്പിക്കാൻ കഴിഞ്ഞു. ഇതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട വർക്കല ബ്ലോക്ക് മെമ്പർ ശ്രീമതി കുഞ്ഞുമോൾ അവർകൾ നിർവ്വഹിച്ചു. ഈ ചടങ്ങിൽ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ  വിതരണം ചെയ്യുകയും കൂടാതെ ഒട്ടനവധി പ്രമുഖർ പങ്കെടുക്കുകയും ചെയ്തു.

## പരിസ്ഥിതി ദിനാഘോഷം

കൃഷി ഓഫീസറുടെ നേതൃത്വത്തിൽ വൃക്ഷതൈ സ്കൂൾ വളപ്പിൽ നട്ടു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വാർഡ് മെമ്പർ, ബ്ലോക്ക്മെമ്പർ, മറ്റ് മെമ്പർമാർ, തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

Social Forestry Extention മായി ബന്ധപ്പെട്ട് ഡോക്യുമെന്ററി പ്രദർശനവും ബോധവൽക്കരണ ക്ലാസ്സും നടത്തി.

## യോഗാദിനം

അന്താരാഷ്ട്ര യോഗാദിനത്തോടട് അനുബന്ധിച്ച് യോഗാദിനം അതിന്റെ പ്രാധാന്യത്തോടുകൂടി സംഘടിപ്പിച്ചു. കുട്ടികളുടെ ആരോഗ്യത്തെയും ആയുസ്സിനേയും യോഗ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെ കുറിച്ചും യോഗ ട്രെയ്നറായ രഞ്ചുവിന്റെ നേതൃത്വത്തിൽ ഒരു ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

# വായനാദിനം

കേരള ഗ്രന്ഥശാല ശംഘത്തിന്റെ സ്ഥാപക നായ പി. എൻ. പണിക്കരുടെ ചരമദിനമാണ് വായന ദിനമായി ആചരിക്കുന്നത്. വായനാ ദിനത്തോടനുബന്ധിച്ച് വായിച്ചു വളരുക എന്ന സന്ദേശം കുട്ടികളിലേയ്ക്ക് എത്തിക്കാൻ വേണ്ടി വിവിധ തരത്തിലുള്ള പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു. പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ സ്പെഷ്യൽ അസംബ്ലി, പ്രസംഗം, വായന മത്സരം, പുസ്തക പരിചയം, പോസ്റ്റർ നിർമ്മാണം, വായനദിന റാലി എന്നിവ സംഘടിപ്പിച്ചു.

# ലോക ലഹരി വിരുദ്ധ ദിനം

ഇന്നത്തെ സമൂഹത്തിൽ ലഹരിയുടെ ഉപയോഗം വളരെ കൂടുതലാണ്. ആയതിനാൽ ലഹരിയിൽ നിന്ന് കുട്ടികളെ പിൻതിരിപ്പിക്കുന്നതിനു വേണ്ടി സ്കൂൾ തലത്തിൽ കല്ലമ്പലം പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് സ്കൂളിൽ സംഘടിപ്പിച്ചു.

## ദേശീയ അധ്യാപകദിനം

ഇന്ത്യയിലെ ആദ്യ ഉപരാഷ്ട്രപതിയായ ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് ദേശീയ അധ്യാപക ദിനമായി ആചരിച്ചു വരുന്നത്. പ്രിയപ്പെട്ട അധ്യാപകരുടെ സേവനത്തെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ് ഒരോ അധ്യാപക ദിനവും സ്കൂളിൽ അധ്യാപക ദിനവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ക്ലാസ്സുകൾ കുട്ടികൾ കൈകാര്യം ചെയ്യുന്നു. പോസ്റ്റർ രചന നാടകാവിഷ്ക്കാരം, സ്കിറ്റ് (ഒരു സ്നേഹപൂർണ്ണ അധ്യാപക അനുഭവത്തെ അടിസ്ഥാനപ്പെടുത്തി) പദ്യ രചന എന്നിവ പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

## ഓസോൺ ദിനം

ഓസോൺ പാളിയുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും ഓസോൺ ശോഷണത്തിന് കാരണമാകുന്ന ഉൽപ്പന്നങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുവേണ്ടി അവബോധം നൽകുന്നതിനാണ് ഓസോൺ ദിനം ആചരിച്ചുവരുന്നത്. പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ സ്കൂളിൽ വിവിധ തരത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ബോധവത്ക്കരണ ക്ലാസ്സുകൾ, റാലികൾ, പോസ്റ്റർ നിർമ്മാണം, പ്രസംഗം, പൊതുപ്രതിജ്ഞ, ക്വിസ്, സ്കൂൾ മാഗസിൻ എന്നീ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനങ്ങൾ എടുത്തു.

**കേരളപ്പിറവി**

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ജലസംരക്ഷണത്തെക്കുറിച്ചും ജലവിനിയോഗത്തെക്കുറിച്ചും കുട്ടികൾക്കു അവബോധം നടത്തുക, സ്കൂളിൽ ജല സംരക്ഷണ പ്രവർത്തനം നടത്തുക. മഴവെള്ള സംഭരണത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം സംഘടിപ്പിക്കുക എന്നീ ലക്ഷ്യത്തോട് കൂടി സ്കൂളിൽ ജലക്ലബ് രൂപീകരിച്ചു.

**ശാസ്ത്രോത്സവം**

കുട്ടികളിൽ ശാസ്ത്രത്തോട് താൽപര്യവും ശാസ്ത്ര അവബോധവും ജനിപ്പിക്കുന്നതിനും ശാസ്ത്രപഠനം രസകരവും എളുപ്പവുമാക്കി തീർക്കുന്നതിനും ആറ്റിങ്ങൽ ബി.ആർ.സിയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ വളരെ മികച്ച രീതിയിൽ ശാസ്ത്രോത്സവം ഈ അധ്യയന വർഷം ശാസ്ത്രോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

1. ശാസ്ത്രക്കുറിപ്പ് തയ്യാറാക്കൽ
2. ശാസ്ത്രപരീക്ഷണങ്ങൾ
3. ശാസ്ത്ര നാടകം
4. പ്രോജക്ട്
5. ശാസ്ത്രസിനിമ തുടങ്ങിയവ വളരെ മികച്ച രീതിയിൽ നടത്തി.

ISRO ശാസ്ത്രജ്ഞനായ ശ്രീ.ശശി കെ.വെട്ടൂർ അവർകളുടെ നേതൃത്വത്തൽ സെമിനാറും ക്ലാസ്സും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി സംഘടിപ്പിച്ചു. ശാസ്ത്രോത്സവത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച വിദ്യാർത്ഥികൾക്ക് പുരസ്കാരങ്ങൾ വികസനസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് സമാപന സമ്മേളനത്തിൽ വച്ച് വിതരണം ചെയ്തു. ഈ ശാസ്ത്രോത്സവം കുട്ടികൾക്കും അധ്യാപകർക്കും, രക്ഷിതാക്കൾക്കുമെല്ലാം ഒരു പുത്തൻ ഉണർവ് സമ്മാനിച്ചു.

## അക്കാഡമിക മാസ്റ്റർ പ്ലാൻ-വിശദാംശങ്ങൾ

മേഖല : ഭാഷാപഠനം ഉപമേഘല : മലയാളം

**ലക്ഷ്യങ്ങൾ**

മലയാള ഭാഷാ പഠനം രസകരവും ആകർഷകവും ആക്കി മാറ്റുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ ആവിഷ്കരിച്ചും ആസൂത്രണം ചെയ്തും നടപ്പിലാക്കുക.

കുട്ടികൾക്ക് ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ വിദ്യാർത്ഥികളും നേടി എന്ന് ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

1. ക്ലാസ്സ് ലൈബ്രറി
2. ഡിജിറ്റൽ ലൈബ്രറി
3. നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം.
4. ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ക്ലാസ്സ് റൂമുകളിൽ ഉപയോഗിക്കും.
5. ഡയറി എഴുത്ത്
6. ഭാഷാക്ലബ് പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കൽ
7. നാടകം, സ്കിറ്റ് തുടങ്ങിയവ

# അക്കാഡമിക മാസ്റ്റർ പ്ലാൻ- മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ് (0_.06.2024)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥപറയൽ<br>10. ചിത്രം-കഥ എഴുതൽ<br>11. കഥ-ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം (ആഗസ്റ്റ്, സെപ്റ്റംബർ) | പുസ്തകങ്ങൾ സി.ഡി | അധ്യാപകർ ബി.ആർ.സി ഡയറ്റ് പി.റ്റി.എ<br>ബി.ആർ.സി ഐ.ഇ.ഡി ട്രെയിനർ പി.റ്റി.എ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1) ക്ലാസ്സ് വായനാകൂട്ടം രൂപീകരിക്കൽ<br>2) വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3) സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4) സമീപഗ്രന്ഥശാല അംഗത്വം<br>5) വായനോത്സവം സംഘടിപ്പിക്കൽ<br>6) പത്രവായന<br>7) അമ്മവായന<br>8) പുസ്തക ചർച്ച<br>9) വായനാനുഭവം പങ്കുവയ്ക്കൽ<br>10) വായനാക്കുറിപ്പ് പതിപ്പ്<br>11) വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ക്ലാസ്സ് സഭ.<br>12) ദിനാചരണങ്ങൾ<br>13) സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | അധ്യാപകർ ബി.ആർ.സി ഡയറ്റ് പി.റ്റി.എ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 14) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>15) ആസ്വാദനകരമായ വായന<br>16) ഓയനാസാമഗ്രികള വികസിപ്പിക്കൽ<br>17) ഇ-വായന<br>18) പുസ്തകമൊരുക്കൽ (UP വായന)<br>19) വായനകൂട്ടം-മോണിറ്ററിംഗ്<br>20) കാവ്യകൂട്ടം<br>21) പ്രസംഗം, തിരക്കഥ (സർഗ്ഗാത്മകരചന ഒരാഴ്ചയിൽ ) | | ഇന്റർനെറ്റ്, കമ്പ്യൂട്ടർ | അധ്യാപകർ<br>ബി.ആർ.സി<br>പി.റ്റി.എ |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3.ക്ലാസ്സ് ലൈബ്രറി<br>4.വായനാക്കുറിപ്പ് പതിപ്പ്<br>5.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>6.ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>7.സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>8.എഴുത്ത്കൂട്ടം മോണിറ്ററിംഗ്<br>9.വായനക്കുറിപ്പ്, ആസ്വാദന കുറിപ്പ്<br>10. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>11. വ്യക്തഗത രചന, സംഘരചന<br>12. ഭാഷാ പ്രോജക്ട്<br>13. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>14. രചയിതാക്കളെ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ | അധ്യാപകർ<br>ബി.ആർ.സി<br>ഡയറ്റ്<br>പി.റ്റി.എ<br>ബി.ആർ.സി |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : ഭാഷാപഠനം

ഉപമേഖല : ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ (മുഴുവൻ കുട്ടികളും) | 1. പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി | ഒക്ടോബർ, ജൂൺ (ആദ്യ വാരം) | |
| | | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | പ്രഥമാധ്യാപകൻ ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി | ജൂൺ മാസം | |
| | | 3. ഇംഗ്ലീഷ് പാഠങ്ങളുമായി ബന്ധപ്പെട്ടപഠനാന്തരീക്ഷം ഒരുക്കൽ | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി | | |
| | | 4. ഇംഗ്ലീഷിലുള്ള അസംബ്ലി | ക്ലാസ്സ് ടീച്ചർ | ആഴ്ചയിൽ 2 ദിവസം | |
| | | 5. ഒരു ദിവസം ഒരു language programme (story telling, skit) | ഇംഗ്ലീഷ് ടീച്ചർ | പ്രതിദിനം | |
| | | 6. ഇംഗ്ലീഷ്-ക്ലാസ് ലൈബ്രറി, ലഘു വായനാപുസ്തകം, പത്രം | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മുതൽ | |
| 2. | ഇംഗ്ലീഷ് ഭാഷാ അനായാസം കൈകാര്യം ചെയ്യാനും, ജീവിതത്തിന്റെ പല സന്ദർഭങ്ങളിലും വേണ്ട വിധത്തിൽ കൈകാര്യം ചെയ്യാനുമുള്ള കഴിവ് നേടൽ | 1. ഇംഗ്ലീഷ് Day Celebration | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മുതൽ | |
| | | 2. News Reading | എസ്.ആർ.ജി. പി.ടി.എ എസ്.എം.സി | ജൂൺ മുതൽ | |
| | | 3. Writing neatly & correctly | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മുതൽ | |
| | | 4. language Games | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മുതൽ | |
| | | 5. Reading Competition | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മുതൽ | |
| | | 7. Reading for below Avarave and poor-reading | ഇംഗ്ലീഷ് ടീച്ചർ പ്രഥമാധ്യാപകൻ പി.ടി.എ | ജൂൺ മുതൽ | |

# അക്കാഡമിക മാസ്റ്റർ പ്ലാൻ

## പി.റ്റി.എം.യു.പി.എസ് ചെഞ്ചേരിക്കോണം

മേഖല : ഭാഷാപഠനം ഉപമേഖല : ഹിന്ദി

**ലക്ഷ്യങ്ങൾ**

1. ഹിന്ദി ഭാഷ എല്ലാ വിദ്യാർത്ഥികൾക്കും ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റു ന്നതിനുള്ള പഠനപ്രവർത്തനങ്ങൾ ആവിഷ്കരിച്ചും ആസൂത്രണം ചെയ്തും നടപ്പിലാക്കുക.
3. ഓരോ പാഠഭാഗങ്ങളിലും യൂണിറ്റുകളിൽ നിന്നും ലഭിക്കേണ്ട പഠനനേട്ട ങ്ങൾ എല്ലാ വിദ്യാർത്ഥികളും നേടി എന്ന് ഉറപ്പാക്കുക.
4. ഹിന്ദി ഭാഷാപഠനത്തിലൂടെ എല്ലാവിദ്യാർത്ഥികൾക്കും ദേശഭാഷയോ ടുള്ള സ്നേഹവും അതിലൂടെ മാതൃദേശത്തോടുള്ള സ്നേഹവും വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

1. തിരിച്ചറിയൽ കാർഡ് (ഹിന്ദി) എല്ലാ കുട്ടികൾക്കും
2. ആഴ്ചയിലെ ഹിന്ദി വാക്ക് (ഹഫ്തെകാശബ്ദ്)
3. ക്ലാസ്സ് ലൈബ്രറി
4. ഡിജിറ്റൽ ലൈബ്രറി (ഹിന്ദി)
5. ഹിന്ദി പ്രദർശന ബോർഡ് (ഓരോക്ലാസിലും)
6. നിരന്തര മൂല്യനിർണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം.
7. ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ക്ലാസ്സ് റൂമുകളിൽ ഉപ യോഗിക്കൽ.
8. ഹിന്ദിപത്രം, ഇ-പേപ്പർ തുടങ്ങിയവ കഴിയും വിധം ലഭ്യമാക്കൽ
9. ഹിന്ദിനോട്ടുബുക്ക് ആകർഷകവും സമഗ്രവുമാക്കുക.
10. ഹിന്ദി കലോത്സവം വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി സംഘടിപ്പി ക്കൽ.
11. ആഴ്ചയിലൊരിക്കൽ ഹിന്ദി ഡയറി

12.ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കൽ

13.ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണം, ഉപയോഗം എന്നിവ

14.ഹിന്ദി നാടകം, സ്കിറ്റ് തുടങ്ങിയവ കഴിയും വിധം സംഘടിപ്പിക്കൽ

15.ഹിന്ദി സംസാരിക്കുവാനുള്ള പ്രത്യേക പരിശീലനം നൽകൽ

16.ദിനാചരണങ്ങൾ ഹിന്ദിയിൽ തയ്യാറാക്കൽ

17.ഹിന്ദി മാസിക

18.ഹിന്ദി ബാലസഭ

19.എന്റെ ഹിന്ദിബുക്ക്

20. ഹിന്ദി ഫിലിം ക്ലബ്

## അക്കാദമിക മാസ്റ്റർ പ്ലാൻ-ഹിന്ദി

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല/ സാമ്പത്തിക/ മോണിറ്ററിംഗ് |
|---|---|---|---|---|
| 1. | തിരിച്ചറിയൽ കാർഡ് എല്ലാ കുട്ടികൾക്കും | 5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പേര്, സ്കൂൾ, വിലാസം എന്നിവ ഉൾപ്പെടുത്തിയ കാർഡ് ഹിന്ദി പഠനത്തിനുവേണ്ടി മാത്രം. | 1 വർഷം | അധ്യാപകർ/സംഭാവന/പ്രഥമാധ്യാപകൻ, പിറ്റി.എ, |
| 2. | ആഴ്ചയിലെ ഹിന്ദി വാക്ക് | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തൽ | 1 വർഷം | ഹിന്ദി ക്ലബ്/ പ്രഥമാധ്യാപകൻ, |
| 3. | ക്ലാസ് ലൈബ്രറി | ഓരോ ക്ലാസ്സിലും ക്ലാസ് ലൈബ്രറി നിർമ്മാണം. പുസ്തകങ്ങൾ ശേഖരിച്ച് വായന ഉറപ്പാക്കുക. തുടർന്ന് കുറിപ്പുകൾ എഴുതിക്കുന്നു. | 1 വർഷം | പി.റ്റി.എ/ സംഭാവന/ പ്രഥമാധ്യാപകൻ, ബി.ആർ.സി |
| 4. | ഡിജിറ്റൽ ലൈബ്രറി | ഡിജിറ്റൽ റിസോഴ്സസ് ശേഖരിച്ച് ഇ-വായന പ്രോത്സാഹിപ്പിക്കൽ | 1 വർഷം | അധ്യാപകൻ/ പി.റ്റി.എ/ ബി.ആർ.സി |
| 5. | ഐ.സി.ടി ഉപയോഗം | പാഠഭാഗങ്ങൾ ഐ.സി.ടി സഹായത്തോടെ തയ്യാറാക്കി അവതരിപ്പിക്കൽ | 1 വർഷം | അധ്യാപകൻ/പി.റ്റി.എ, പഞ്ചായത്ത് |
| 6. | ദിനാചരണങ്ങൾ ഹിന്ദിയിൽ | ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു നടത്തുന്നു. | 1 വർഷം | അധ്യാപകൻ/ ഹിന്ദി ക്ലബ്/ പ്രഥമാധ്യാപകൻ |
| 7. | ഹിന്ദി പത്രം, ഇ-പേപ്പർ ലഭ്യമാക്കൽ | ഹിന്ദി പത്രങ്ങൾ ലഭ്യമാക്കൽ, ഇന്റർനെറ്റ് വഴി ഇ-പേപ്പർ ലഭ്യമാക്കൽ | 1 വർഷം | അധ്യാപകൻ /പി.റ്റി.എ, പഞ്ചായത്ത് |
| 8. | നിരന്തര മൂല്യ നിർണ്ണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം | നിരന്തര മൂല്യനിർണ്ണയം കൂടുതല ശ്രദ്ധയോടെ നൽകി ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തി പഠന നേട്ടം നേടിയെന്ന് ഉറപ്പുവരുത്തുകയും ഉല്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു. | 1 വർഷം | പ്രഥമാധ്യാപകൻ, അധ്യാപകൻ/ |
| 9. | ഹിന്ദിനോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുക. | ഓരോ കുട്ടിയുടേയും നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു. രക്ഷിതാക്കളെ ഇതിനായി കുട്ടികളെ സഹായിക്കാൻ അറിയിക്കുന്നു. | 1 വർഷം | അധ്യാപകൻ/ രക്ഷിതാക്കൾ/ പ്രഥമാധ്യാപകൻ |

# അക്കാഡമിക മാസ്റ്റർ പ്ലാൻ

ഉപമേഖല : സോഷ്യൽ സയൻസ്

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | പിന്തുണ |
|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ഫെസ്റ്റ് 5, 6, 7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ. ക്വിസ്, പ്രദർശനങ്ങൾ, നാടകങ്ങൾ | III[rd] Term ജനുവരി | 5, 6, 7 | അധ്യാപകർ, പ്രധാന അധ്യാപകൻ, പി.റ്റി.എ, സംഭാവന |
| 2. | ഡിജിറ്റൽ ആൽബം<br>പ്രപഞ്ചം എന്ന മഹാത്ഭുതം<br>വൈവിധ്യങ്ങളുടെ ലോകം<br>യൂറോപ്പ് പരിവർത്തനപാതയിൽ<br>വ്യക്തമായ ആൽബം തയ്യാറാക്കൽ<br>(5, 6, 7 ക്ലാസ്സിൽ) | ഹ്രസ്വകാലം | 5, 6, 7 | അധ്യാപകർ, പി.റ്റി.എ, സംഭാവന |
| 3. | സെമിനാർ<br>• സാമൂഹ്യശാസ്ത്ര പഠനവും മാറ്റങ്ങളും (സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കവും യഥാർത്ഥ സാമൂഹ്യ വ്യവസ്ഥയും)<br>• 5, 6, 7 ക്ലാസ്സ് റൂമിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ<br>• വിഷയങ്ങൾ മുൻകൂട്ടി നൽകൽ<br>• വിവരങ്ങൾ ശേഖരിക്കലെ<br>• അവതരണം-ചർച്ച<br>• പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | | 5, 6, 7 | അധ്യാപകർ, പ്രധാന അധ്യാപകൻ, പി.റ്റി.എ, സംഭാവന |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <br>Listening & Speaking.<br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage Reading<br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January - February | English Teachers | English Club |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities:**<br><br>**Differentiation and Support:** | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.**<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Assessment and Feedback:** | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Parent Involvement** | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

83

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

24

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

25

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

96

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാമൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്പോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

ARABIC

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് ഇ വായന<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്വിസ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | "രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

32

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

33

## ഉപസംഹാരം

തികച്ചും കാർഷിക പശ്ചാത്തലമുള്ള ഒരു ഗ്രാമ പ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. സാമ്പത്തികവും, സാമൂഹികവുമായി പിന്നോക്കം നിൽക്കുന്നതും പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് ഭൂരിഭാഗവും ഈ സ്കൂളിൽ അധ്യയനം നടത്തുന്നത്. പൊതുജനങ്ങളുടെയും പി.ടി.എയുടെയും രാഷ്ട്രീയ-സാംസ്കാരിക സാമൂഹിക പ്രവർത്തകരുടെയും നിരന്തരമായ ഇടപെടലുകളും ഒത്തൊരുമയോടെയുള്ള പ്രവർത്തനവുമാണ് ഈ വിദ്യാലയത്തെ എയ്ഡഡ് വിദ്യാലയങ്ങൾക്കിടയിൽ മുൻനിരയിലേക്കെത്തിച്ചത്. ഇച്ഛാശക്തിയും ഒത്തൊരുമയുമുണ്ടെങ്കിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി, അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആയതിലേക്ക് എല്ലാ സന്മനസ്സുകളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**-പി.ടി.എം.യു.പി.സ്കൂൾ, ചെഞ്ചേരിക്കോണം-**

34